# റമദാനും ഖുർആനും

عَنْ عَبْدِ اللَّهِ بْنِ عَمْرٍو رَضِيَ اللَّهُ عَنْهُمَا أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ: الصِّيَامُ وَالْقُرْآنُ يَشْفَعَانِ لِلْعَبْدِ يَوْمَ الْقِيَامَةِ يَقُولُ الصِّيَامُ أَيْ رَبِّ مَنَعْتُهُ الطَّعَامَ وَالشَّهَوَاتِ بِالنَّهَارِ فَشَفِّعْنِي فِيهِ وَيَقُولُ الْقُرْآنُ مَنَعْتُهُ النَّوْمَ بِاللَّيْلِ فَشَفِّعْنِي فِيهِ قَالَ فَيُشَفَّعَانِ (رواه احمد والطبراني قال الهيثمي في مجمع الزوائد: رجال الطبراني رجال الصحيح).

**നബി (സ) ഇപ്രകാരം പറഞ്ഞതായി അബ്ദുല്ലാഹിബ്നു അംറ് നിവേദനം ചെയ്യുന്നു: ''നോമ്പും ഖുർആനും അന്ത്യദിനത്തിൽ ദൈവദാസനു വേണ്ടി ശിപാർശ ചെയ്യുന്നതാണ്. നോമ്പ് പറയും: നാഥാ! ഞാൻ അവനെ പകൽ ആഹാരത്തിൽനിന്നും കാമവികാരത്തിൽനിന്നും തടയുകയുണ്ടായി. അതിനാൽ അവന്റെ കാര്യത്തിൽ എന്റെ ശിപാർശ സ്വീകരിക്കേണമേ! ഖുർആൻ പറയും: ഞാനവനെ രാത്രിനിദ്രയിൽനിന്നും തടഞ്ഞിരിക്കുന്നു. അതുകൊണ്ട് അവന്റെ കാര്യത്തിൽ എന്റെ ശിപാർശ സ്വീകരിക്കേണമേ! അങ്ങനെ അവ രണ്ടിന്റെയും ശിപാർശ സ്വീകരിക്കപ്പെടുന്നതാണ്'' (അഹ്മദ്, ത്വബറാനി. ഇമാം ഹൈതമി *മജ്മഉസ്സവാഇദിൽ* പറയുന്നു: ത്വബറാനിയുടെ നിവേദകർ പ്രബലരാണ്).**

റമദാൻ മാസത്തിലെ ഖുർആൻ പഠന-പാരായണത്തിന്റെ പ്രാധാന്യം വിശദീകരിക്കുകയാണ് നബി (സ). റമദാനിലെ വ്രതാനുഷ്ഠാനവും ഖുർആൻ പാരായണവും തമ്മിൽ അഭേദ്യമായ ബന്ധമാണുള്ളത്.

വിശുദ്ധ ഖുർആൻ അവതരിച്ച മാസമാണ് റമദാൻ. റമദാനിലെ എല്ലാ രാത്രിയിലും ജിബ്രീൽ വന്ന് നബി(സ)യെ കാണുകയും ഖുർആൻ ഓതിച്ചു പാഠം നോക്കുകയും ചെയ്തിരുന്നതായി ഇബ്നു അബ്ബാസി(റ)ൽനിന്ന് ഇമാം ബുഖാരി റിപ്പോർട്ട് ചെയ്യുന്നു. പ്രസ്തുത ഹദീസ് വ്യാഖ്യാനിച്ചുകൊണ്ട് ഇമാം ഹാഫിസ് ഇബ്നു റജബ് (റ) എഴുതുന്നു: ''റമദാൻ മാസത്തിൽ വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നതും പഠിക്കാൻ ഒത്തുചേരുന്നതും അഭികാമ്യമാണ്. പ്രവാചകൻ വിടപറഞ്ഞ വർഷം ജിബ്രീൽ വന്നു രണ്ടു പ്രാവശ്യം ഖുർആൻ പാഠപരിശോധന നടത്തിയതിൽനിന്ന് ഈ കാര്യം ഗ്രഹിക്കാം. റമദാൻ രാത്രിയിൽ തറാവീഹ് നമസ്കാരത്തിലും മറ്റുമായി ഖുർആൻ പാരായണം നടത്തുന്നതും ഏറെ പ്രതിഫലാർഹമാണ്. ജിബ്രീലും പ്രവാചകനും ഖുർആൻ പാഠപരിശോധന നടത്തിയത് രാത്രിയിലായിരുന്നു'' (*ലത്വാഇഫുൽ മആരിഫ്*).

ഖുർആൻ പഠിക്കുകയും മറ്റുള്ളവരെ പഠിപ്പിക്കുകയും ചെയ്യുന്നവർ ഉത്തമരാണെന്ന് നബി (സ) അറിയിച്ചു. അബ്ദുല്ലാഹിബ്നു അംറുബ്നുൽ ആസ് (റ) പറയുന്നു: ''നിങ്ങൾ ഖുർആൻ മുറുകെപ്പിടിക്കുക. ഖുർആൻ പഠിക്കുകയും നിങ്ങളുടെ മക്കളെ പഠിപ്പിക്കുകയും ചെയ്യുക. അതിനെ സംബന്ധിച്ച് നിങ്ങൾ ചോദ്യം ചെയ്യപ്പെടും. അവരെ ഖുർആൻ പഠിപ്പിച്ചതിന്റെ പേരിൽ നിങ്ങൾക്ക് പ്രതിഫലം ലഭിക്കുകയും ചെയ്യും.'' സ്വഹാബിമാരായ തമീമുദ്ദാരിയും ഉബയ്യുബ്നു കഅ്ബും റമദാനിലെ രാത്രി നമസ്കാരത്തിൽ ഒരു റക്അത്തിൽ ഇരുനൂറ് ആയത്തുകൾ വരെ ഓതിയിരുന്നു. നബി (സ) പറഞ്ഞു: ''അല്ലാഹുവിന്റെ ഏതെങ്കിലും ഭവനത്തിൽ ഒത്തുചേരുകയും ഖുർആൻ പാരായണം നടത്തുകയും പരസ്പരം ചർച്ചചെയ്തു പഠിക്കുകയും ചെയ്യുന്നുവെങ്കിൽ അവരിൽ ശാന്തത വർഷിക്കുകയും ദൈവകാരുണ്യം ആവരണം ചെയ്യുകയും മലക്കുകൾ അവരെ അനുഗ്രഹംകൊണ്ട് പൊതിയുകയും ചെയ്യുന്നതാണ്. അല്ലാഹു തന്റെ അടുത്തുള്ളവരിൽ അവരെ സംബന്ധിച്ച് പറയുകയും ചെയ്യും'' (മുസ്ലിം). ഇമാം ഇബ്നു റജബ് എഴുതുന്നു: ''വ്രതാനുഷ്ഠാനം നോമ്പുകാരന്റെ റമദാൻ പകലിലെ ജിഹാദാകുന്നു. രാത്രി നമസ്കാരമാകട്ടെ അവന്റെ റമദാൻ രാത്രിയിലെ ജിഹാദാകുന്നു. ഈ രണ്ടു ജിഹാദും (പരിശ്രമം) ഏതൊരുവനിൽ സമ്മേളിക്കുന്നുവോ അവൻ അവ രണ്ടിനോടുമുള്ള ബാധ്യത നിറവേറ്റിയവനാകുന്നു. അതിലവൻ ക്ഷമ അവലംബിച്ചു. തൽഫലമായി കണക്കറ്റ പ്രതിഫലത്തിനർഹനുമായി'' (*ലത്വാഇഫുൽ മആരിഫ്*, പേജ് 360).

ഖുർആൻ ജീവിതത്തിന്റെ വഴികാട്ടിയാകുന്നു. ഖുർആൻ പാരായണം ചെയ്യുമ്പോൾ ഈമാൻ വർധിക്കുന്നു. നവോന്മേഷം ഉണ്ടാകുന്നു. മുന്നോട്ടുള്ള പ്രയാണ മാർഗത്തിലെ സകലവിധ അന്ധകാരങ്ങളും നീങ്ങുന്നു. നബി (സ) പറഞ്ഞു: ''നിങ്ങൾ ഖുർആൻ മുറുകെപ്പിടിക്കുക. എങ്കിൽ നിങ്ങൾ ഒരിക്കലും വഴികേടിലാവുകയോ അധഃപതിക്കുകയോ ചെയ്യില്ല'' (ഇമാം നവവി (റ) *അത്തിബ്യാനിൽ* ഉദ്ധരിച്ചത്). മുസ്ലിം സമൂഹത്തിന്റെ വിജയപരാജയങ്ങൾ ഖുർആനോടുള്ള അവരുടെ സമീപനമനുസരിച്ചായിരുന്നുവെന്നത് ചരിത്ര യാഥാർഥ്യമാണ്. ഖുർആൻ പഠിക്കുകയും ഖുർആനിക തത്ത്വങ്ങൾ ജീവിതത്തിൽ പകർത്തുകയും പ്രയോഗവൽക്കരിക്കുകയും ചെയ്തപ്പോൾ അവർ വിജയികളായി. ഖുർആനെ അവഗണിക്കുകയും ജീവിതത്തിൽനിന്ന് അകറ്റിനിർത്തുകയും ചെയ്ത സന്ദർഭങ്ങളിൽ അധഃപതിക്കുകയും ചെയ്തു. മുസ്ലിം സമൂഹത്തിന്റെ ഉത്ഥാനപതനങ്ങളുടെ ചരിത്രം ഇത് ശരിവെക്കുന്നു. നബി (സ) പറഞ്ഞു: ''നിശ്ചയം അല്ലാഹു ഈ ഖുർആൻ മുഖേന ചിലരെ ഉയർത്തുകയും മറ്റു ചിലരെ അധഃപതിപ്പിക്കുകയും ചെയ്യും'' (മുസ്ലിം).

മനസ്സിരുത്തി ചിന്തിച്ചും ഗ്രഹിച്ചും ആശയം ഉൾക്കൊണ്ടുമായിരിക്കണം ഖുർആൻ പാരായണം ചെയ്യേണ്ടത്. ''വിജ്ഞാനം, ഗ്രാഹ്യം, ഭക്തി, ചിന്ത എന്നിവ ഇല്ലെങ്കിൽ പിന്നെ ഖുർആന്റെ മാധുര്യം ആസ്വദിക്കാൻ കഴിയില്ല'' (ഇമാം സർഖശി). ●